**A**

# സമഗ്ര ശിക്ഷാ കേരളം

**GI-612**

## ആത്യന്തിക വിലയിരുത്തൽ I 2025-2026

## അടിസ്ഥാനപാഠാവലി – വിലയിരുത്തൽ സൂചകങ്ങൾ

**ക്ലാസ്: 6** **സമയം: 2 മണിക്കൂർ 15 മിനിറ്റ്**

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

- ആറു ചോദ്യങ്ങൾക്കാണ് ഉത്തരമെഴുതേണ്ടത്.
- രണ്ടു പ്രവർത്തനങ്ങൾ നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരമെഴുതിയാൽ മതി.
- ഓരോ പ്രവർത്തനവും വിലയിരുത്തി ഗ്രേഡ് a, b, c, d, e രേഖപ്പെടുത്തണം.
- ഓരോ ചോദ്യത്തിനും ലഭിച്ച ഗ്രേഡ് പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് ചോദ്യങ്ങൾക്കുള്ള A/B/C/D/E ഓവറോൾ ഗ്രേഡ് നൽകണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ആവശ്യമായ പിന്തുണ കൊടുക്കേണ്ടതാണ്.

| ശതമാനം | ഗ്രേഡ് |
|---|---|
| 80 - 100 | A – Outstanding |
| 60 - 79 | B - Very Good |
| 40 - 59 | C - Good |
| 30 - 39 | D - Satisfactory |
| 30ൽതാഴെ | E - Needs Improvement |

**(1) വായിക്കാം, എഴുതാം**

**പഠനലക്ഷ്യം** –വിവിധ സാഹിത്യരചനകൾ വായിച്ചും കേട്ടും ആസ്വദിക്കുകയും അവയെ അടിസ്ഥാനമാക്കി വിവിധ വ്യവഹാരരൂപങ്ങൾ രചിക്കുകയും ചെയ്യുക.

**സൂചകങ്ങൾ**

**a)** B.പാരിസ്ഥിതികാവബോധം വളർത്തുന്നതിൽ 1

**b)** C. മംഗലനമറിയം . 1

**c)** C. 2 ശരി 1

**d)** **C.** 2,1,4,3 1

**(2) പോസ്റ്റർ**

**പഠനലക്ഷ്യം** :പ്രചാരണത്തിന് അനുയോജ്യമായ വിവരങ്ങൾ ഉൾക്കൊണ്ടും ആകർഷകമായ ലേ-ഔട്ട് സാധ്യതകൾ പ്രയോജനപ്പെടുത്തിയും പോസ്റ്റർ തയ്യാറാക്കുക.

**സൂചകങ്ങൾ**

1. ഗ്രന്ഥശാല ദിനത്തോട് ബന്ധപ്പെട്ട പ്രസക്തമായ ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് 1
2. ആശയങ്ങൾ കൃത്യമായും ശക്തമായും വിനിമയം ചെയ്യാൻ പര്യാപ്തമായ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം) പ്രയോഗിച്ചിട്ടുണ്ട്. 1
3. പോസ്റ്ററിന്റെ ഘടന (ശീർഷകം, ഉള്ളടക്കവിശദാംശങ്ങൾ. ആര് അറിയിക്കുന്നു. ആഹ്വാനം...) പാലിച്ചിട്ടുണ്ട്. 1
4. പോസ്റ്റർ താൽപര്യത്തോടെയും എളുപ്പത്തിലും വായിക്കാൻ പ്രേരിപ്പിക്കും വിധം സംക്ഷിപ്തവും ആകർഷകവുമായ വിന്യാസം പാലിച്ചിട്ടുണ്ട്. 1

b) **D.** 2 ഉം 4ഉം ശരി 1

c) **C.** കുശലത്വം ആവശ്യമില്ലാത്ത കളിയാണ് ചെസ്സ്. 1

**(3A) വിശകലനക്കുറിപ്പ്**

**പഠനലക്ഷ്യം** – വായിച്ച കവിതകളിലെ ആശയം ഉൾക്കൊണ്ട് വിശകലനം എഴുതി തയ്യാറാക്കുന്നു.

സൂചകങ്ങൾ

1. നന്മ മലയാളം, പഞ്ചവർണ്ണക്കിളി എന്നീ കവിതകളിലെ വരികൾ വിശകലനം ചെയ്തിട്ടുണ്ട്. 1
2. കവിത വിശകലനം ചെയ്ത് പ്രസക്തമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 1
3. വിശകലനം ചെയ്തു കണ്ടെത്തിയ അഭിപ്രായങ്ങൾ അനുയോജ്യഭാഷയിൽ (ശൈലി, ഘടന, സവിശേഷ പ്രയോഗങ്ങൾ) അവതരിപ്പിച്ചിട്ടുണ്ട്. 1

4. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും യുക്തി സഹമായി അവതരിപ്പിച്ചിട്ടുണ്ട്. 1
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. 1

**(3B) അഭിപ്രായക്കുറിപ്പ്**

**പഠനലക്ഷ്യം** – രചനകളിലെ ആശയങ്ങളെ വിശകലന വിധേയമാക്കി അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

**സൂചകങ്ങൾ**

1. വള്ളത്തോൾ രചിച്ച എന്റെ ഭാഷ എന്ന കവിതയിലെ വരികൾ വിശകലനം ചെയ്തിട്ടുണ്ട്. 1
2. കവിത വിശകലനം ചെയ്ത് പ്രസക്തമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 1
3. വിശകലനം ചെയ്തു കണ്ടെത്തിയ അഭിപ്രായങ്ങൾ അനുയോജ്യഭാഷയിൽ (ശൈലി, ഘടന, സവിശേഷ പ്രയോഗങ്ങൾ) അവതരിപ്പിച്ചിട്ടുണ്ട്. 1
4. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും യുക്തി സഹമായി അവതരിപ്പിച്ചിട്ടുണ്ട്. 1
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. 1

**(4A) & (4B)ആസ്വാദനക്കുറിപ്പ്**

**പഠനലക്ഷ്യം** – കവിത വായിച്ച് ആസ്വദിക്കുകയും ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ആസ്വാദനാംശങ്ങൾ, സ്വാഭിപ്രായം എന്നിവ ഉൾക്കൊള്ളിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.

**സൂചകങ്ങൾ**

1. വായിച്ച കവിതയുമായി ബന്ധപ്പെട്ട ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 1
2. വായിച്ച കവിതയെക്കുറിച്ച് താൽപര്യവും ആകാംക്ഷയും ഉണ്ടാകുന്ന വിധത്തിൽ അവതരിപ്പിക്കാൻ പറ്റിയ ഭാഷ (സവിശേഷപ്രയോഗങ്ങൾ, ശൈലി) ഉപയോഗിച്ചിട്ടുണ്ട്. 1
3. ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 1
4. കവിതയുടെ സൗന്ദര്യതലം, ആശയങ്ങളുടെ സമകാലിക പ്രസക്തി എന്നിവ കണ്ടെത്തി യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. 1
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. 1

**(5) ലഘുഉപന്യാസം**

**പഠനലക്ഷ്യം** – മാതൃഭാഷയുമായി ബന്ധപ്പെട്ട കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ വായിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കുകയും ആശയവ്യക്തത, വസ്തുനിഷ്ഠത, ഘടന(ഉപക്രമം, ഉള്ളടക്കം ഉപസംഹാരം) 'എന്നിവ പാലിച്ച് ഉപന്യാസം എഴുതുകയും ചെയ്യുക.

**സൂചകങ്ങൾ**

1. പ്രശ്നവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് 1
2. ആശയങ്ങളും നിലപാടുകളും ശക്തമായി വായനക്കാരിലെത്തിക്കാൻ അനുയോജ്യമായ ഭാഷ (സവിശേഷപ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം) പ്രയോഗിച്ചിട്ടുണ്ട്. 1
3. ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട് (തുടക്കം, പ്രധാന ആശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം) 1
4. പ്രശ്നവുമായി ബന്ധപ്പെട്ട തന്റെ നിരീക്ഷണങ്ങളും നിലപാടുകളും യുക്തിയും ഉദാഹരണങ്ങൾ സഹിതം സ്ഥാപിച്ചിട്ടുണ്ട്. 1
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. 1

**(6) വായനാക്കുറിപ്പ്**

**പഠനലക്ഷ്യം** – ഭാഷയുടെ സൗന്ദര്യതലം ആവിഷ്കരിക്കുന്ന രചനകൾ വായിച്ചാസ്വദിക്കുന്നതിന് കഴിവു നേടുക.

**സൂചകങ്ങൾ**

1. വായിച്ച കഥയിൽ അവതരിപ്പിച്ചിട്ടുള്ള പ്രധാനാശയങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. 1
2. വായനാനുഭവം ആകർഷകമായി അവതരിപ്പിക്കാൻ സഹായകമായ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം) പ്രയോഗിച്ചിട്ടുണ്ട്. 1
3. വായനയിൽനിന്നു ലഭിച്ച അനുഭവങ്ങൾ ( വൈകാരികം, നിലപാട്, തിരിച്ചറിവ്) 1
4. നിരീക്ഷണവും കണ്ടെത്തലും സ്വാഭിപ്രായവും ചുരുക്കി വിവരിച്ചിട്ടുണ്ട്. 1
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. 1